മായിരുന്നു. ദക്ഷിണകേരളത്തിൽ ശബരിമലശാസ്താവിനുണ്ടായിരുന്ന ത്രയോ അതിലധികമോ, ഭക്തർ മദ്ധ്യ—ഉത്തര കേരളത്തിൽ പഴനി ആണ്ടവനുണ്ടായിരുന്നു. മുരുകഭക്തിക്ക് കേരളത്തിൽ ഇപ്പോഴും ക്ഷയം സംഭവിച്ചിട്ടില്ല. കാവിയുടുത്ത പഴനി തീർത്ഥാടകരെ കേരളത്തിലെ ഏതു ഗ്രാമത്തിലും, ഏതു കാലത്തും കാണാം.

അതിനാൽ പഴനിയാണ്ടവന്റെ ബിംബത്തിനു സംഭവിക്കുന്ന തേയ്മാനം കേരളത്തിലും പരക്കെ അമ്പരപ്പ് ഉളവാക്കാതിരിക്കയില്ല.

എന്താ ഈ കേഠക്കുന്നതു്! സ്വാമി അലിഞ്ഞലിഞ്ഞു പോവുകയോ? ഹരഹരോ ഹരഹര! സ്വാമ്യേ ഹരഹര!

(11 മാർച്ച്, 1984)

# 84. പത്രങ്ങൾക്കു് ഒരു പെരുമാററച്ചട്ടം

പത്രങ്ങഠംക്കു് ഒരു പെരുമാററച്ചട്ടം (കോഡ് ഓഫ് കോൺഡക്ട്) ആവിഷ്കരിക്കണമെന്നു് ഇന്ത്യയിലെ രാഷ്ട്രീയപ്രവർത്തകർ ചിലപ്പോഴൊക്കെ ആവശ്യപ്പെടാറുണ്ടു്. ഇപ്പോഠം ഇതാ, പ്രസിദ്ധ പത്രപ്രവർത്തകനായ ശ്രീ അരുൺ ശൗരി ഇതേ ആവശ്യം ശക്തിയായി ഉന്നയിച്ചിരിക്കുന്നു. അദ്ദേഹം നിർദേശിക്കുന്ന പെരുമാററച്ചട്ടത്തിന്റെ മാതൃക താഴെ ചേർക്കുന്നു.

## സന്ദർഭം

1. ഇന്ത്യൻ സമൂഹം 'തുറന്ന' അഭിപ്രായാവിഷ്കരണ സ്വാതന്ത്ര്യമുള്ള ഒന്നായിരിക്കണമെന്നു് ഞാൻ പ്രഖ്യാപിക്കുന്നു. സമൂഹം 'തുറന്നതു്' ആയിരിക്കേണ്ടതിന്റെ ആവശ്യം പണക്കാരേക്കാളേറെ പാവങ്ങഠംക്കും പാവങ്ങളുടെ താല്പര്യത്തിനു് അനുസൃതമായി സമൂഹത്തെ പരിവർത്തിപ്പിക്കണമെന്നു് ആഗ്രഹിക്കുന്നവർക്കുമാണു്. അതിനാൽ 'തുറന്ന' സമൂഹത്തിൽ ഞാൻ വിശ്വാസമർപ്പിക്കുന്നു. 'തുറന്ന' സമൂഹത്തിലെ സ്ഥാപനങ്ങഠംക്കുവേണ്ടി ഞാൻ പൊരുതുന്നതാണു്.

2. നമ്മുടെ സമൂഹത്തെ 'തുറന്നതു്' ആയി നിലനിർത്തുന്നതിനും, അതിനെ പരിഷ്കരിക്കുന്നതിനും അനുപേക്ഷണീയമായ ഒരു ഉപകരണമാണു് സ്വതന്ത്രപത്രസ്ഥാപനങ്ങഠം (പ്രസ്സ്) എന്നു ഞാൻ വിശ്വസിക്കുന്നു. കാരണം, സമൂഹത്തെ പരിഷ്കരിക്കണമെങ്കിൽ ആദ്യമായി നാം ജനങ്ങഠംക്കു വിവരങ്ങഠം നൽകണം.

3. ആദ്യമായും അവസാനമായും ഞാൻ ഒരു 'പൗരൻ' ആയിരിക്കുമെന്നും, അല്ലാതെ വെറുമൊരു പത്രത്തൊഴിൽകാരൻ (പ്രൊഫെഷണൽ) മാത്രമായിരിക്കുകയില്ലെന്നും ഞാൻ പ്രഖ്യാപിക്കുന്നു. സാധാരണ പൗരന്മാർക്കു് എന്തെല്ലാം നൽകപ്പെടണമെന്നു ഞാൻ വാദിക്കുന്നുവോ, അതിൽ കവിഞ്ഞ ഒന്നും എനിക്കുവേണ്ടി ഞാൻ അവകാശപ്പെടുന്നതല്ല. അതേസമയം, ഒരു പൗരനെന്ന നിലയിൽ, പൂർണഹൃദയത്തോടെയും ഇളവില്ലാതെയും പൊതുനന്മയ്ക്കു് എന്നെത്തന്നെ ഞാൻ സമർപ്പിക്കും.

4. ബഹുഭൂരിപക്ഷം വരുന്ന ജനകോടികഠംക്കു് ശബ്ദിക്കാൻ കഴിവില്ലാത്ത ഒരു സമൂഹത്തിൽ, അനേകായിരം ആളുകളെ സമീപിക്കാൻ കഴിയുന്ന ഒരു അഭിപ്രായാവിഷ്കരണവേദി (ഫോറം) സ്വാധീനമായിരിക്കുക എന്നതു് ഒരു പ്രത്യേകാവകാശം (പ്രിവിലേജ്) ആണു്. ഈ ആവിഷ്കരണവേദിയെ ഉപയോഗപ്പെടുത്തുമ്പോഠം, അതുകൊണ്ടു് നല്ലതോ, ചീത്തയോ ആയ ധാരാളം ഫലങ്ങഠം ഉണ്ടാകാ

വന്നതാണ്. അതിനാൽ, ജനങ്ങരംക്കവേണ്ടിമാത്രം കൈകാര്യംചെയ്യേണ്ട ഒരു ട്രസ്റ്റ് ആയി എൻെറ ജോലിയെ ഞാൻ കണക്കാക്കം.

5. പ്രത്യേകിച്ച്, അഭിപ്രായാവിഷ്കരണവേദിയിൽ എനിക്കുള്ള സ്വാധീനത്തെ വ്യക്തിപരമായ ലാഭത്തിനുവേണ്ടി ഞാൻ ഉപയോഗിക്കുന്നതല്ല. എഴുതുമ്പോരം ഞാൻ വാസ്തവം വ്യക്തിപരമായ ശത്രുത മൂലം വളച്ചൊടിക്കുകയുമില്ല.

6. ഏതെങ്കിലും വിഭാഗീയതാല്പര്യത്തെ മുന്നോട്ട കൊണ്ടുവരുവാൻ ഞാൻ അഭിപ്രായാവിഷ്കരണവേദിയെ ഉപയോഗപ്പെടുത്തുകയില്ല; ബഹുജനങ്ങളുടെ പൊതുനന്മയ്ക്കുവേണ്ടി മാത്രമേ ഞാൻ അതിനെ ഉപയോഗപ്പെടുത്തുകയുള്ളു. വിഭാഗീയ താല്പര്യമെന്നതിൽ, പത്രസമൂഹത്തിൻെറയും (പ്രസ്സിൻെറയും) അതിലെ അംഗങ്ങളുടെയും താല്പര്യംകൂടി ഉരംപ്പെടുന്നു.

## കർത്തവ്യനിഷ്ഠ

7. ഭയംകൊണ്ടോ, ഔദ്യോഗികമോ, സ്വകാര്യമോ ആയ പ്രഭവങ്ങളിൽനിന്ന് ഏതെങ്കിലും ആനുകൂല്യം പ്രതീക്ഷിച്ചോ, ഞാൻ എന്തെങ്കിലും എഴുതുകയോ, എന്തെങ്കിലും എഴുതാതിരിക്കുകയോചെയ്യുന്നതല്ല.

8. എഴുത്തിലൂടെ ജനസേവനം നടത്തുന്നതിൽനിന്ന് എന്നെ തടയുന്ന ഏതെങ്കിലും നിയമമോ മററു തടസ്സങ്ങളോ നിലവിൽ വരുകയാണെങ്കിൽ, സത്യം ജനങ്ങളിൽ എത്തിക്കുന്നതിനുള്ള എൻെറ പരിശ്രമങ്ങരം ഉടൻതന്നെ ഞാൻ ഇരട്ടിയാക്കുന്നതായിരിക്കും.

9. ജനസേവനം നിർവഹിച്ചുകൊണ്ടിരിക്കുന്ന സഹപ്രവർത്തകരോ കീഴുദ്യോഗസ്ഥരോ എഴുതിയതു ഞാൻ സെൻസർ (പ്രകാശനം തടയുകയോ, ചില ഭാഗങ്ങരം വിട്ടുകളയുകയോ, മാററി എഴുതുകയോ) ചെയ്യുന്നതല്ല.

10. സെൻസർചെയ്യപ്പെടുന്നതിനു ഞാൻ സ്വയം വിധേയനാവുകയുമില്ല. ഞാൻ എഴുതുന്നതു പ്രസിദ്ധീകരിക്കുന്ന പത്രം സെൻസർചെയ്യപ്പെടുന്നതിനു സമ്മതിക്കുകയോ, സ്വയം സെൻസർചെയ്യുകയോ ആണെങ്കിൽ, ആ വിവരം കഴിയുന്നത്ര കൂടുതൽ ആളുകളെ ഞാൻ അറിയിക്കുകയും സത്യം ജനങ്ങളിൽ എത്തിക്കുന്നതിനു മററു മാർഗങ്ങരം തേടുകയുംചെയ്യും.

## വസ്തുതകൾ

11. വസ്തുതകരം പ്രസിദ്ധീകരിക്കും മുമ്പ്, അവ സത്യംതന്നെയല്ലേ എന്നു കർശനമായി പരിശോധിച്ചു ഞാൻ ഉറപ്പു വരുത്തും. സത്യം പ്രകാശിപ്പിക്കുകമൂലം ഗുണമോ, ദോഷമോ സംഭവിക്കുന്നത് ഏതു വ്യക്തിക്കോ, ഏതു വീക്ഷണകോണത്തിനോ ആണെന്നു പരിഗണന കൂടാതെ ഞാൻ വസ്തുതകരം മുഴുവൻ രേഖപ്പെടുത്തും.

12. സത്യമാണെന്നു തെളിയിക്കാൻ എനിക്കു കഴിയാത്ത യാതൊന്നും വസ്തുതയായി ഞാൻ പ്രസിദ്ധീകരിക്കുകയില്ല.

13. പൊതുതാല്പര്യങ്ങരം അസന്ദിഗ്ധമായി ആവശ്യപ്പെടുന്നുണ്ടെങ്കിലല്ലാതെ, മററുള്ളവർ ഉന്നയിക്കുന്നതുകൊണ്ടു മാത്രം, ആരോപണങ്ങരം ഞാൻ ഉന്നയിക്കുകയില്ല. നേരെമറിച്ചു വസ്തുതയെന്നു രൂപത്തിൽ അവാസ്തവങ്ങരം വാർത്തകളിൽ ഉരംക്കൊള്ളിക്കുന്നതിന് (പ്ലാൻറ്) ഉള്ള എല്ലാ ശ്രമങ്ങളേയും ഞാൻ തുറന്നു കാട്ടും.

14. ഞാൻ എഴുതിയതു തെററാണെന്നു തെളിഞ്ഞാൽ, ഉടൻതന്നെയും പരസ്യമായും ഞാൻ തെററ് ഏററുപറയും. മതിയായ പരിഹാരമായി എന്റെ വായനക്കാർക്കു ബോദ്ധ്യം വരുന്ന ശിക്ഷ അനുഭവിക്കുകയും ചെയ്യും. പ്രത്യേകിച്ച്, എന്റെ പ്രവൃത്തിയുടെ ഫലമായി കഷ്ടപ്പെടേണ്ടിവന്ന വ്യക്തിക്കു നീതി ലഭിക്കുന്നതു താമസിപ്പിക്കുവാൻ കോടതികളെയോ നിലവിലുള്ള നിയമങ്ങളെയോ ആയുധമായി ഞാൻ ഉപയോഗപ്പെടുത്തുകയില്ല.

## ഭാഷ

15. വാർത്തകൾ എഴുതുമ്പോഴും അവയെപ്പററി അഭിപ്രായങ്ങൾ രേഖപ്പെടുത്തുമ്പോഴും ശരിയായ വാക്കുകൾ ഞാൻ ഉപയോഗിക്കും. അതിശയോക്തി കലർത്തി സംഗതി 'പ്രമാദം' ആണെന്നു തോന്നിക്കുകയോ, ഒളിച്ചുകളി നടത്തി സത്യത്തിൽ മായം ചേർക്കുകയോ ചെയ്യുന്നതല്ല.

## പത്രസ്ഥാപനങ്ങൾ

16. പത്രസ്ഥാപനങ്ങളുടെ (പ്രസ്സിന്റെ) വിശുദ്ധി നിലനിർത്തുകയാണ് എന്റെ ഒന്നാമത്തെ കടമ. അധികാരത്തിന്റെ മുമ്പിൽ വളരെ എളുപ്പത്തിൽ നമസ്കരിക്കാൻ അവയെ പ്രേരിപ്പിക്കുന്നവയാണ് ഇന്ന് അവയിലുള്ള ബലഹീനതകൾ എന്ന് എനിക്കു നന്നായി അറിയാം? പത്രസ്ഥാപനങ്ങളെ ശക്തിയേറിയ ഒരായുധമാക്കി വളർത്തിയെടുത്തില്ലെങ്കിൽ, നമ്മുടെ സമൂഹത്തിന്റെ നില മെച്ചപ്പെടുത്താൻ അവയ്ക്കു കഴിവുണ്ടാകുകയില്ല. അതിനാൽ, പത്രസ്ഥാപനങ്ങളെ ശുചീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുംവേണ്ടി സാദ്ധ്യമായ എല്ലാ പ്രയത്നവും ഞാൻ ചെയ്യും.

## പരിപ്രേക്ഷ്യം

17. സമൂഹപരിവർത്തനത്തിനുള്ള ആയുധങ്ങളിൽ ഒന്നു മാത്രമാണ് എഴുതപ്പെട്ട വാക്ക് എന്നു ഞാൻ അംഗീകരിക്കുന്നു. നമ്മുടേതുപോലുള്ള ഒരു സമൂഹത്തിൽ എഴുതപ്പെട്ട വാക്കിനു സീമിതമായ ഫലോല്പാദനശക്തിയേ ഉള്ളു എന്നും എനിക്ക് അറിയാം. അതിനാൽ പ്രകാശമാദ്ധ്യമങ്ങളിലേക്കുള്ള പ്രവേശം (പത്രത്തിലെ ജോലി) എനിക്കു നഷ്ടപ്പെട്ടാൽ എനിക്കു ജനങ്ങളെ സേവിക്കാൻ കഴിയാതാവുമല്ലോ എന്ന യുക്തി പറഞ്ഞ് ഒരിക്കലും ഞാൻ സത്യം പ്രകാശിപ്പിക്കുന്നതിൽനിന്നു സ്വയം വിലകി നില്ക്കുകയില്ല. എഴുത്തുകാരന്റെ മൂല്യം അയാൾ പ്രഖ്യാപിക്കുന്ന വസ്തുതകളിൽ മാത്രം ഒതുങ്ങി നില്ക്കുന്നു. ശുഷ്കാന്തിയോടെയും സത്യസന്ധമായും ഞാൻ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ, എന്റെ ഈ പ്രവൃത്തി തുടരുന്നതിൽനിന്ന് എന്നെ തടഞ്ഞുനിർത്താൻ ആർക്കും കഴിയുകയില്ല. ഈ വിശ്വാസത്തോടെ ഞാൻ നിരന്തരമായി അദ്ധ്വാനിച്ചുകൊണ്ടിരിക്കും.

## പെരുമാററച്ചട്ടം അനുസരിക്കൽ

18. വിശദമായി ദീർഘകാലം ആലോചിച്ചശേഷമേ ഈ പെരുമാററച്ചട്ടത്തിൽ ഞാൻ ഒപ്പുവയ്ക്കുകയുള്ളു. എന്നാൽ, ഒരിക്കൽ അതിൽ ഒപ്പുവെച്ചുകഴിഞ്ഞാൽ, ഞാൻ എല്ലാ പരിസ്ഥിതികളിലും, പൂർണരൂപത്തിൽ ഈ പെരുമാററച്ചട്ടം നടപ്പിൽ വരുത്തും. പ്രത്യേകിച്ച്, ഈ പെരുമാററച്ചട്ടത്തിൽനിന്ന് എപ്പോഴെങ്കിലും വ്യതിചലിച്ചാൽ ഞാൻ അതു പരസ്യമായി പ്രഖ്യാപിക്കുകയും അതുപോലെ പത്രസ്ഥാപനങ്ങളിലെ

എൻെറ സുഹൃത്തുക്കൾ ഈ ചട്ടത്തിൽനിന്നു വ്യതിചലിച്ചാൽ അതു് അവരോടു തുറന്നു പറയുകയുംചെയ്യും.

## എന്തുകൊണ്ടു് ആവശ്യമായി?

ഇങ്ങനെയൊരു പെരുമാററച്ചട്ടം എന്തുകൊണ്ടു് ആവശ്യമായി എന്നു് സെപ്റ്റംബർ 30—ലെ 'ഇന്ത്യ ടുഡേ' എന്ന ആനുകാലികത്തിൽ ചേർത്ത ലേഖനത്തിൽ ശ്രീ ശൗരി വിശദീകരിക്കുന്നുണ്ടു്. ഇന്ത്യയിലെ വലിയ പത്രങ്ങൾപോലും ഇപ്പോൾ വാർത്തകൾ റിപ്പോർട്ടു്ചെയ്യുന്നതിൽ സത്യസന്ധത പുലർത്തുന്നില്ല എന്നു് അദ്ദേഹം ഉദാഹരണങ്ങൾ നിരത്തി വാദിക്കുന്നു. തെററു പററിയാൽ അതു സമ്മതിച്ചു വേണ്ട പരിഹാരംചെയ്യുന്നതിലും പത്രങ്ങൾക്കു ശ്രദ്ധ്കാന്തിയില്ല. പത്രത്തിൻെറ അശ്രദ്ധയോ, പത്രപ്രവർത്തകൻെറ വ്യക്തിപരമായ വിരോധമോമൂലം അപവാദപ്രചരണത്തിനു് ഇരയാകേണ്ടി വരുന്നവർക്കു്, ഇന്ത്യയിൽ, ഇന്നു വലിയ രക്ഷയൊന്നുമില്ല.

രണ്ടാമതു്, ബഹുജനങ്ങളുടെ വിശാലതാല്പര്യങ്ങളിൽനിന്നു പത്രങ്ങളുടെയും പത്രപ്രവർത്തകരുടെയും ശ്രദ്ധ വ്യക്തികളുടെ താല്ക്കാലിക ലാഭങ്ങളിലേക്കും പാർട്ടികളുടെ സങ്കുചിത പരിപാടികളിലേക്കും വ്യതിചലിച്ചുപോയിരിക്കുന്നു. ഉത്തർപ്രദേശ്, മദ്ധ്യപ്രദേശ്, ബീഹാർ മുതലായ പിന്നോക്കം നില്ക്കുന്ന, സംസ്ഥാനങ്ങളിലെ ദുസ്സഹമായ ജനജീവിതത്തെപ്പററിയുള്ള ശരിയായ വാർത്തകൾ പ്രചരിപ്പിക്കുന്നതിൽ 'ദേശീയത' അവകാശപ്പെടുന്ന വൻകിട പത്രങ്ങൾക്കുപോലും ഇന്നു താല്പര്യമില്ല. തലസ്ഥാനങ്ങളിലെ നെറികെട്ട രാഷ്ട്രീയക്കസർത്തുകളാണു് ഇപ്പോൾ പത്രങ്ങളിൽ തലക്കെട്ടുകൾ പിടിച്ചുപററുന്നതു്.

പത്രപ്രവർത്തനം മുമ്പു് ഇന്ത്യയിൽ ഒരു സേവനമായിരുന്നു. ഇന്നു് അതൊരു തൊഴിൽ (പ്രൊഫെഷൻ) ആയിരിക്കുന്നു. എഴുതുന്നതു് ആകർഷകമാകണമെന്നല്ലാതെ, അതു ബഹുജനങ്ങളെ അല്പമെങ്കിലും ഉയർത്തുന്നതിനു് ഉതകണമെന്ന വിചാരം ഇന്നു മിക്ക പത്രപ്രവർത്തകർക്കുമില്ല. സിനിമാനടികളെപ്പററിയുള്ള അപവാദങ്ങൾക്കാണു്, കുടിനീർ കിട്ടാത്ത ഗ്രാമീണരുടെ നിശ്ശബ്ദരോദനത്തിനല്ല, ഇന്നു വാർത്താപ്രാധാന്യം: ഊന്നൽ പ്രശ്നങ്ങളിൽനിന്നു വിട്ടു വ്യക്തികളിലായിത്തീർന്നിരിക്കുന്നു. പത്രപ്രവർത്തനരംഗത്തിൽ നുഴഞ്ഞുകയറിയ ഈ ജീർണത തടയുന്നതിനു് ഉടൻ ഫലപ്രദമായ നടപടികൾ കൈക്കൊള്ളേണ്ടതു് എത്രയും ആവശ്യമാണെന്നു് ശ്രീ ശൗരി കരുതുന്നു.

അധികൃതസ്ഥാപനങ്ങളിൽനിന്നു് ആനുകൂല്യങ്ങൾ കൈപ്പററുന്നതിനുവേണ്ടി പത്രപ്രവർത്തകർ ഒററയ്ക്കും കൂട്ടായും നടത്തുന്ന യത്നങ്ങളെപ്പററിയും ശ്രീ ശൗരി വാചാലമായി പ്രതിപാദിക്കുന്നുണ്ടു്. ഗവണ്മെൻറിൻെറ സഹായം ലോഭമില്ലാതെ ലഭിച്ചില്ലെങ്കിൽ ഇന്ത്യയിൽ വാർത്താമാദ്ധ്യമങ്ങൾക്കു് ഒന്നിനും നിലനില്പില്ലെന്നു വന്നിരിക്കുന്നു. പത്രപ്രവർത്തകർക്കു ചുരുങ്ങിയ വാടകയ്ക്കു വീടു്, സൗജന്യമായി യാത്രാസൗകര്യം മുതലായ എത്രയോ ആനുകൂല്യങ്ങൾ സർക്കാർ നൽകിവരുന്നുണ്ടു്. ഇതിൻെറയൊക്കെ ഫലം മിക്ക പത്രപ്രവർത്തകരും നിലവിലുള്ള വ്യവസ്ഥിതിയുടെ വൈതാളികർ ആയിരിക്കുന്നു എന്നതാണു്. ഭരണകക്ഷിയെ അനുകൂലിക്കുമ്പോഴും എതിർക്കുമ്പോഴും അവർ ചെയ്യുന്നതു് ഈ വ്യവസ്ഥിതിയെ ബലപ്പെടുത്തുകയാണു്. കാരണം, പരിഹാസ്യമായ ഒരുതരം രാഷ്ട്രീയപ്പൊറാട്ടുകളിയാണല്ലോ ഇന്നത്തെ 'വ്യവസ്ഥിതി!' രാമനും രാവണനും ഈ പൊറാട്ടുകളിയിൽ ഒരേ പ്രാധാന്യമാണുള്ളതു്.

## ചുമതല വായനക്കാരുടേത്

പത്രപ്രവർത്തകർക്ക് ഒരു പെരുമാററച്ചട്ടം ആവിഷ്കരിച്ചാൽ, അവർ അതനുസരിച്ച നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എന്തു സംവിധാനമാണ് ഇന്നുള്ളത്? എന്തു സംവിധാനമാണ് ഉണ്ടാകേണ്ടത്? പെരുമാററച്ചട്ടം തെററിക്കുന്ന പത്രപ്രവർത്തകർക്കെതിരെ കോടതികളോ, സർക്കാരുകളോ നടപടികളെടുക്കണമെന്ന് ശ്രീ ശൗരി കരുതുന്നില്ല. പത്രപ്രവർത്തകർ നടപടിച്ചട്ടത്തിൽനിന്നു തെററിപ്പോകാതെ നോക്കേണ്ടതു വായനക്കാരുടെ ചുമതലയാണെന്ന് ശ്രീ ശൗരി പ്രസ്താവിക്കുന്നു. ചുരുക്കത്തിൽ, വായനക്കാർക്കും വേണം ഒരു പെരുമാററച്ചട്ടം. ശ്രീ ശൗരി ഈ വിഷയത്തിൽ ഉന്നയിക്കുന്ന നിർദേശങ്ങൾ ഇവയാണ്:

1. തങ്ങൾ വായിക്കുന്ന പത്രം വൃത്തിയുള്ളതും തെററുകളില്ലാത്തതും ആയിരിക്കണമെന്ന് വായനക്കാർ നിഷ്കർഷിക്കണം.

2. 'വാർത്തകൾ' എന്ന പേരിൽ ചില ഇനങ്ങൾ തങ്ങൾ വായിക്കുന്ന പത്രങ്ങളിൽ നിക്ഷിപ്ത താല്പര്യക്കാർ തിരുകിക്കയററുന്നുണ്ടോ എന്നു വായനക്കാർ ശ്രദ്ധിക്കണം. ഇങ്ങനെ തിരുകിക്കയററുന്നതു പലപ്പോഴും അവിദഗ്ധമായിട്ടാകയാൽ, വായനക്കാർക്ക് അത്തരം ഇനങ്ങൾ തിരിച്ചറിയുക പ്രയാസമല്ല. അത്തരം ഇനങ്ങൾ പത്രത്തിൽ കണ്ടാൽ, അവയ്ക്ക് ആധാരമായ വസ്തുതകൾ വെളിപ്പെടുത്തണമെന്നു വായനക്കാർ പത്രാധിപർക്കെഴുതണം; കത്തെഴുതി പത്രാധിപരെ സഹികെടുത്തണം.

3. തങ്ങൾ വായിക്കുന്ന പത്രത്തിനോ, അതിലെ ഏതെങ്കിലും ജോലിക്കാരനോ ഏതെങ്കിലും തരത്തിലുള്ള ഒരു ആനുകൂല്യം കേന്ദ്രഗവണ്മെൻറിൽനിന്നോ, സ്റ്റേററ് ഗവണ്മെൻറുകളിൽനിന്നോ, വിദേശ ഗവണ്മെൻറുകളിൽനിന്നോ ലഭിച്ചാൽ, ആ വിവരം പത്രത്തിൽ പ്രസിദ്ധപ്പെടുത്തണമെന്നു വായനക്കാർ പത്രാധിപരോട് ആവശ്യപ്പെടണം.

4. പത്രങ്ങൾ നടത്തുന്ന അപവാദ പ്രചാരണങ്ങൾകൊണ്ടു കഷ്ടപ്പെടുന്നവർക്ക് അതിവേഗത്തിൽ നീതി ലഭിക്കുന്നതു സാദ്ധ്യമാക്കമാറ് അപവാദപ്രചാരണം (ഡിഫമേഷൻ) സംബന്ധിച്ച നിലവിലുള്ള നിയമങ്ങൾ പരിഷ്കരിക്കുന്നതിനുള്ള ഒരു പ്രസ്ഥാനം വായനക്കാർ ആരംഭിക്കണം.

5. വായനക്കാർ പത്രങ്ങൾ വാങ്ങുന്നതു വിവേചനബുദ്ധി ഉപയോഗിച്ചാവണം. മുത്തച്ഛൻ വാങ്ങിയിരുന്ന പത്രമാണല്ലോ എന്നു കരുതി പൗത്രനും അതു വാങ്ങുന്ന പതിവു നിർത്തണം.

## പത്രങ്ങളുടെ ചുമതല

പത്രങ്ങൾക്കുമുണ്ട് ഇക്കാര്യത്തിൽ ഒട്ടേറെ ചുമതലകൾ. അവയിൽ ശ്രീ ശൗരി എടുത്തുപറയുന്ന ചിലതു താഴെ ചേർക്കുന്നു:

1. തെററായ ഒരു വിവരം പരസ്യപ്പെടുത്താനിടവന്നാൽ, പത്രം അതിനു പററിയ തെററു വായനക്കാരുടെ മുമ്പിൽ തുറന്നു സമ്മതിക്കണം. തെററ് എഴുതി അയച്ച ലേഖകൻതന്നെ, തനിക്കു തെററുപററാനിടയായ സാഹചര്യങ്ങൾ വിവരിക്കുകയാണു നല്ലത്.

2. ഓരോ പത്രവും ഒരു 'ഓംബുഡ്സ്മാ'നെ (വിധികർത്താവിനെ) നിയമിക്കണം. വിവേകവും വിജ്ഞാനവുമുള്ള ഒരു പക്വമതിയായിരിക്കണം ഈ വിധികർത്താവ്. ഏതെങ്കിലും സംഭവവികാസത്തെപ്പററിയുള്ള വാർത്തകൾ പത്രം വിവരിക്കുന്ന ('കവർ' ചെയ്യുന്ന) സമ്പ്രദായത്തിൽ തങ്ങൾക്ക് ആക്ഷേപമുണ്ടെങ്കിൽ അതു വായനക്കാർ ഓംബുഡ്സ്മാന് എഴുതി അയയ്ക്കട്ടെ. ഈ ആക്ഷേപങ്ങൾ പരിഗണിച്ച്

ഓംബുഡ്സ്മാൻ വിധി കല്പിക്കുകയുംചെയ്യട്ടെ. ഈ വിധി പത്രത്തിൽ പ്രസിദ്ധീകരിക്കണം.

3. സർക്കാരിൽനിന്നോ മററുള്ളവരിൽനിന്നോ എന്തെങ്കിലും ആനുകൂല്യം പത്രത്തിനോ അതിലെ ഏതെങ്കിലും ജോലിക്കാരനോ ലഭിച്ചാൽ, ഉടൻ ആ വിവരം പത്രത്തിൽ പ്രസിദ്ധപ്പെടുത്തണം.

4. കോടതിനടപടികൾ നീട്ടിനീട്ടി, അപവാദപ്രചാരണം സംബന്ധിച്ച കേസ്സുകളിൽ ശിക്ഷയിൽനിന്ന് ഒഴിവാകുക എന്ന അടവു തങ്ങൾ കൈക്കൊള്ളുന്നതല്ല എന്നു പത്രങ്ങൾ പ്രഖ്യാപിക്കണം.

ശ്രീ ശൗരിയുടെ ലേഖനം പത്രപ്രവർത്തകർ മാത്രമല്ല, പത്രവായനക്കാരും വായിച്ചിരിക്കേണ്ട ഒന്നാണെന്ന് ഇതിനകം വ്യക്തമായിരിക്കും. സമൂഹപരിവർത്തനത്തിനുള്ള ശക്തമായ ഒരായുധമായിരുന്നു ഒരു കാലത്ത് ഇന്ത്യയിൽ പത്രപ്രവർത്തനം. ആ പദവി ഇന്നു നമ്മുടെ പത്രങ്ങൾക്കു നഷ്ടപ്പെട്ടിരിക്കുന്നു. അതിവേഗത്തിൽ ഗുണച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഭാരതീയ പത്രപ്രവർത്തനത്തിന് ഒരു താക്കീതും ഒരു മാർഗദർശനവുമാണ് ശ്രീ ശൗരിയുടെ ലേഖനം. തീർച്ചയായും അതു ശ്രദ്ധിക്കപ്പെടണം.

(28 സെപ്തംബർ, 1983)

# 85. വായനക്കാരുടെ രസത്തിനുവേണ്ടി

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം അമേരിക്കൻ—ബ്രിട്ടീഷ് പത്രങ്ങളിൽ നിന്നു ക്രൂരമായ ഒരു ആക്രമണം ഇന്ത്യൻ പത്രങ്ങൾക്കു നേരിടേണ്ടിവന്നു. ഈ ആക്രമണത്തിൽ ഇന്ത്യൻ പത്രങ്ങൾ ദയനീയമാംവിധം പരാജയപ്പെടുകയുംചെയ്തു. ആക്രാമകന്മാർ രംഗത്തുവന്നതു സൗഹാർദത്തിൻെറ മുഖംമൂടി ധരിച്ചായിരുന്നു. ഇംഗ്ലീഷിൽ മാത്രമല്ല, പ്രാദേശിക ഭാഷകളിലുമുള്ള പ്രധാനപ്പെട്ട എല്ലാ ഇന്ത്യൻ പത്രങ്ങളും ദേശീയ സ്വഭാവമാണ് അന്നോളം പുലർത്തിവന്നതു്. രാഷ്ട്രത്തിനു പൊതുവെ ബാധകമായ പ്രശ്നങ്ങളിൽ ഈ പത്രങ്ങൾ താല്പര്യം പ്രദർശിപ്പിക്കുകയും, സ്വാതന്ത്ര്യസമരത്തിനു മുന്നിട്ടുനിന്ന് ആവേശം പകരുകയുംചെയ്തു. ദേശീയ പ്രാധാന്യമുള്ള വാർത്തകളാണ് അവയിൽ വലിയ തലക്കെട്ടുകളോടെ പ്രധാന പേജുകളിൽ പ്രസിദ്ധീകരിച്ചിരുന്നതു്. ദേശീയ നേതാക്കന്മാരുടെ പ്രധാന പ്രസംഗങ്ങൾ ഏറെക്കുറെ പൂർണമായി അവ ഉദ്ധരിച്ചിരുന്നു. അവയിലെ മുഖപ്രസംഗങ്ങൾ പ്രായേണ ദേശീയ പ്രശ്നങ്ങളെക്കുറിച്ചായിരുന്നു.

ഇതിൻെറ ഒരു ഫലം പ്രാദേശിക പ്രശ്നങ്ങൾ ഇന്ത്യൻ പത്രങ്ങളിൽ അവഗണിക്കപ്പെട്ടിരുന്നു എന്നതാണ്. ഇന്ത്യയിൽ ഏതു ഭാഗത്തുമുള്ള, ഏതു ഭാഷയിലുമുള്ള, ഏതെങ്കിലും പത്രം വായിക്കുന്ന ഒരാൾക്ക് ഡില്ലിയിൽ എന്തു നടക്കുന്നു എന്ന് അറിയാമായിരുന്നു. എന്നാൽ, അടുത്ത ഗ്രാമത്തിൽ എന്തു നടക്കുന്നു എന്നറിയാൻ അയാൾക്കു പത്രത്തിൽനിന്നു യാതൊരു സഹായവും ലഭിച്ചിരുന്നില്ല.

ഈ സ്ഥിതിക്ക് ഒരു മാററം വരുത്തേണ്ടതുണ്ടെന്ന് അമേരിക്കൻ—ബ്രിട്ടീഷ് പത്രപ്രവർത്തകരുടെ ഗാഢസ്വാധീനമുള്ള അന്താരാഷ്ട്രീയ പത്രസ്ഥാപനം കരുതി. ഈ സ്ഥാപനത്തിൻെറ നോട്ടത്തിൽ, സ്വതന്ത്ര ഇന്ത്യയ്ക്ക് ഏററവും പററിയ പത്രസംവിധാനം ഇതായിരുന്നു. രാജ്യത്തിലാകെ രണ്ടോ മൂന്നോ ദേശീയ (നാഷനൽ) പത്രങ്ങൾ മതി. ഇവ ഇംഗ്ലീ